# MES COLLEGE MARAMPALLY
# PTA Annual Report: 2022-23

മാറംപള്ളി എം.ഇ.എസ് കോളേജ് അധ്യാപകരക്ഷാകർതൃ സമിതിയുടെ 2021-23 രണ്ടു വർഷ കാലയളവിൽ **PTA** വൈസ് പ്രെസിഡെന്റ് ആയിരുന്നു നമ്മളിൽ നിന്നും വിട്ടുപിരിഞ്ഞ ശ്രീ സുഹൈലു റഹ്മാൻ സാർ . തന്റെ വ്യക്തിപരമായ തിരക്കുകൾക്കിടയിലും കോളേജിന്റെ **PTA** പ്രവർത്തനങ്ങളിൽ വിലയേറിയ മാർഗനിർദേശങ്ങൾ നൽകി കോളേജിനോപ്പം നിൽകാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഊർജസ്വലമായ അദ്ദേഹത്തിന്റെ സാന്നിധ്യത്തെ സ്മരിച്ചുകൊണ്ട് ഈ റിപ്പോർട് ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

## മാറംപള്ളി എം.ഇ.എസ് കോളേജ് അധ്യാപകരക്ഷാകർതൃ സമിതിയുടെ 2022 -23 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

**2022-23** അക്കാദമിക വർഷത്തെ പഠന പഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപകരക്ഷാകർതൃ സമിതിയുടെ പങ്ക് സജീവവും കാര്യക്ഷമവുമായിരുന്നു. **2021-22** ലെ പ്രവർത്തന മികവ് മൂലം അതെ കമ്മിറ്റിയെ തന്നെയാണ് **2022-23** വർഷ കാലയളവിലേക് **PTA** പൊതുയോഗത്തിൽ തീരുമാനിച്ചത്. **2023** ജനുവരി മാസം **18** ആം തീയതി നടന്ന പൊതുയോഗത്തിൽ കോളേജ് പ്രിൻസിപാൾ പ്രസിഡന്റായും **,** ഫിസിക്കൽ എഡ്യൂക്കേഷൻ മേധാവി ശ്രീ ഹനീഫ കെ ജി സെക്രട്ടറിയായും**,** വൈസ് പ്രെസിഡെന്റ് ശ്രീ സുഹൈലു റഹ്മാൻ **,** ജോയിന്റ് സെക്രട്ടറി ശ്രീ.റ്റി .വി ഇസ്മയിൽ **,** നിർവാഹക സമിതി അംഗങ്ങളായി വൈസ് പ്രിൻസിപ്പാൾ ഡോ . ജാസ്മിൻ പി എം**,** ശ്രീ നോബി പി എസ് **,** ശ്രീമതി . ധന്യ . ശ്രീമതി.പി . രശ്മി (സൈക്കോളജി വകുപ് മേധാവി, ഡോ. അല്ലി സി ആന്റണി (അസിസ്റ്റന്റ് പ്രൊഫസർ ബയോ സയൻസ്)**, Lt.** ഇബ്രാഹിം സലിം (അസിസ്റ്റന്റ് പ്രൊഫസർ കമ്പ്യൂട്ടർ അപ്ലിക്കേഷൻ) എന്നിവർ കൂടി പ്രവർത്തനം ആരംഭിച്ചു. **2022-23** അദ്ധ്യായന വർഷ **PTA** പ്രവർത്തനങ്ങൾക്കായുള്ള ഓപ്പണിങ് ബാലൻസ് **7,50,494.90** രൂപയായിരുന്നു

### ടു വീലർ പാർക്കിംഗ് ഷെഡ്

കോളേജിലെ വിദ്യാർത്ഥികൾക്കായി ടു വീലർ പാർക്കിംഗ് സൗകര്യം കോളേജ് ഓഡിറ്റോറിയത്തിന് സമീപത്തായി സ്ഥാപിക്കുവാൻ **PTA** ക് സാധിച്ചു . **350** ഓളം ടു വീലർ പാർക്ക് ചെയ്യുവാൻ വിസ്തൃതിയുള്ള ഈ പാർക്കിംഗ് ഷെഡിനു **3,96,860** രൂപ **PTA** ചിലവഴിച്ചു

### സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ 2022

ഒഡിഷയിൽ വെച്ച് നടന്ന നാഷണൽ ലെവൽ സ്മാർട്ട് ഹാക്കത്തോൺ - ഐഡിയ കോംപെറ്റീഷനിൽ പങ്കെടുത്ത **MSc** ഇലക്ട്രോണിക്സ് വിദ്യാർത്ഥികൾക്ക് യാത്ര ചെലവിനായി **16000** രൂപ **PTA** അനുവദിച്ചു . വിദ്യാർത്ഥികൾ നാഷണൽ ലെവലിൽ സെക്കന്റ് പൊസിഷനും കരസ്ഥമാക്കി

### ഇന്റർനാഷണൽ ചാംപ്യൻഷിൽ പങ്കെടുക്കുന്നതിന് പരിശീലനത്തിനായുള്ള ധന സഹായം

നമ്മുടെ കോളേജിനെ മറ്റു രാജ്യങ്ങളിൽ കൂടി അറിയപ്പെടുന്ന രീതിയിൽ ആർട്ടിസ്റ്റിക് സ്‌കേറ്റിങ് ഓഷ്യനാ വേൾഡ് സ്‌കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ **2** സ്വർണമെഡലുകൾ കരസ്ഥമാക്കിയ മൂന്നാം വർഷ കോമേഴ്‌സിലെ വിദ്യാർത്ഥി ശ്രീ. അഭിജിത് അമൽ രാജിന് **50, 000** രൂപ ധന സഹായം നൽകി. ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി**,** നാഷണൽ ഗെയിംസ് എന്നിവയിലും അഭിജിത് സ്വർണമെഡൽ കരസ്ഥമാക്കിയിരുന്നു. തായിലാണ്ടിൽ വെച്ച് നടന്ന ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുത്ത മൂന്നാം വർഷ സോഫ്റ്റ്‌വെയർ വിദ്യാർത്ഥി എബിൻ ജോസഫിന് പ്രോത്സാഹനമായി **30000** രൂപയും

**PTA** അനുവദിച്ചു. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്ക് ഇത്തരം പ്രോത്സാഹനങ്ങൾ തുടർന്നും നൽകേണ്ടതാണ്. .

## ലാപ്ടോപ്പ് വിതരണം

ആനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ വകുപ്പിലെ പഠന മികവ് പുലർത്തുകയും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥിക് വേണ്ടി **i7** ഗെയിമിംഗ് സീരീസ് ലാപ്ടോപ്പ് നൽകുകയുണ്ടായി. കൂടുതൽ സാങ്കേതിക മികവോടെയുള്ള അനിമേഷൻ പ്രൊജക്ടുകൾ ചെയ്യുവാന് കുട്ടികൾക്കു ഇത് സഹായകമാകും. ഇതിലേക്കായി **PTA 92,450** രൂപ ചിലവഴിച്ചു.

## മികച്ച പ്രകടനം കാഴ്ചവെച്ച അധ്യാപക വിദ്യാർത്ഥികൾക്കുള്ള അംഗീകാരം

വിവിധ വിഷയങ്ങളിൽ യൂണിവേഴ്സിറ്റി റാങ്കുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും, നാഷണൽ ലെവൽ സ്പോർട്സ് മെഡലുകൾ നേടിയവിദ്യാർത്ഥികളെയും ക്യാഷ് അവാർഡ് നൽകിയും , **Phd** നേടിയ അധ്യാപകരെയും , മികച്ച പ്രവർത്തനം കാഴ്ചവെച്ച **NSS VOLUNTEERS, NCC CADETS,** ബസ് ഡ്രൈവർ എന്നിവരെയും എല്ലാ വർഷത്തെയും പോലെ ഈ അദ്ധ്യയേന വർഷവും ആദരിച്ചു ഇതിലേക്കായി **1,24,490** രൂപ **PTA** അനുവദിച്ചു.

## കരിയർ ഗൈഡൻസ് ഫിനിഷിങ് സ്കൂൾ മത്സരപരീക്ഷാ ബോധവത്കരണം

ഉന്നത പഠനത്തിനും മത്സര പരീക്ഷകൾ നേരിടുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് കരിയർ ഗൈഡൻസ് മത്സരപരീക്ഷ ബോധവത്കരണ പരിപാടിക് **17,100** രൂപയും, വിവിധ സെമിനാറുകൾ, ഫിനിഷിങ് സ്കൂൾ പരിപാടിക്കായി **89,600** രൂപയും **PTA** സാമ്പത്തിക സഹായം നൽകുകയുണ്ടായി.

## ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാം

സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഫാക്കൽറ്റി ഡെവലപ്മെൻറ് പരിപാടിയിൽ പങ്കെടുക്കുന്നതിനായി അധ്യാപകരെ പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ ധന സഹായങ്ങൾ **PTA** നൽകുകയും ചെയ്തു.

## MG യൂണിവേഴ്സിറ്റി കലോത്സവം

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി കലോത്സവത്തിൽ നമ്മുടെ കോളേജിൽ നിന്നും പങ്കെടുത്ത വിദ്യാർത്ഥികൾക് അവരുടെ മൽസര ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി **1,20,000** രൂപ **PTA** ഫണ്ടിൽ നിന്നും നൽകുകയുണ്ടായി. കലോത്സവത്തിൽ നമ്മുടെ വിദ്യാർത്ഥികൾ പ്രശംസനീയമായ പ്രകടനം ആണ് കാഴ്ചവെച്ചത്.

## ഓൾ ഇന്ത്യ ഇന്ററർ യൂണിവേഴ്സിറ്റി മത്സരാർത്ഥികൾക്കുള്ള പ്രോത്സാഹനം

എം.ജി യൂണിവേഴ്സിറ്റി ഇന്ററർകോളേജിയേറ്റ് മത്സരത്തിൽ സ്വർണ മെഡൽ കരസ്ഥമാക്കി എംജി യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ചുകൊണ്ട് നാഷണൽ മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ട്രാക്ക് സ്യൂട് , സ്പോർട്സ് **SHOES** നൽകി **PTA** ആദരിച്ചു.

## കോളേജ് ഫിറ്റ്നസ് കേന്ദ്രം

കോളേജിൽ സജീവമായി പ്രവർത്തിക്കുന്ന ഫിറ്റ്നസ് കേന്ദ്രത്തിലേക്കു ശരിയായ മാർഗ നിർദേശങ്ങൾ നൽകുന്നതിനും, ഉപകരണങ്ങളുടെ ശരിയായ ഉപയോഗം പരിശീലിപ്പിക്കുന്നതിനും **5000** രൂപ പ്രതിമാസ ശമ്പളത്തിൽ ഒരു പാർട്ട് ടൈം പരിശീലകനെ **PTA** നിയമിച്ചു.

## ഇന്ററർനാഷണൽ കോൺഫറൻസ് ധന സഹായം

കോളേജിലെ ബിസിനസ് ആൻഡ് അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്മെന്റ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി സംഘടിപ്പിച്ച നൂതന ആശയങ്ങൾ ചർച്ച ചെയ്യപ്പെട്ട ഇന്റർനാഷണൽ കോൺഫെറൻസിലേക് പ്രസ്തുത വിഷയവുമായി ബന്ധപെട്ടു ലോകത്തിലെ ഏറ്റവും മികച്ച റിസോഴ്സ് പേഴ്സൺ നെ ക്ഷണിക്കുന്നതിലെക് **1,11,200** രൂപ **PTA** ധന സഹായം നൽകി. വ്യത്യസ്ത രാജ്യങ്ങളിൽ അംബാസിഡർ ആയ **Amb.** വില്യംസ് വിദ്യാർത്ഥികളുമായി നടത്തിയ ആശയ വിനിമയം അവർക് ഏറെ ആത്മവീര്യവും, ദീർഘ വീക്ഷണവും നൽകി.

**തൈകോണ്ടോ പരിശീലനം**

തൈകോണ്ടോ മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ ഏതാനും വര്ഷങ്ങളായി യൂണിവേഴ്സിറ്റി തലത്തിൽ ചാമ്പ്യന്മാരാണ്. ദേശിയ മത്സരത്തിൽ അവരെ പരിശീലിപ്പിക്കുന്നതിനു അവർക്കു മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് പ്രതിമാസം **5000** രൂപ കോച്ചിന് നല്കാൻ **PTA** തീരുമാനിച്ചു.

മേൽ പറഞ്ഞവ കൂടാതെ ലൈബ്രറിയിൽ **KINDLE** സോഫ്റ്റ്‌വെയറിനായി **60000** രൂപയും, നാഷണൽ ലെവൽ ഡാൻസ് ഫെസ്റ്റിന് റെജിസ്ട്രേഷൻ ഫീസായി **3411** രൂപയും, **UG ORIENTATION** പ്രോഗ്രാമിന് **20000** രൂപയും, ട്രാവലിംഗ് , പരസ്യം എന്നിവയ്ക്കു **35000** രൂപയും, സോഷ്യൽ എക്സ്റ്റൻഷൻ ആക്ടിവിറ്റി **SPARSHAM, PRAGATHI** എന്നിവയ്ക്കായി **7373** രൂപയും, വിദ്യാർത്ഥികൾക്കുള്ള **ANTIDRUGS** ബോധവത്കരണത്തിനായി **13,880** രൂപയും, യുണിയൻ എകസ്പെൻസായി **20,000** രൂപയും, മെഡിക്കൽ എക്സ് പെൻസിനായി **6,676** രൂപയും **PTA** ഫണ്ടിൽ നിന്നും നൽകുകയുണ്ടായി .

**2022 -23** അദ്ധ്യായന വർഷത്തെ **PTA** നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഹ്രസ്വമായ ഒരു റിപ്പോർട്ടാണിത്. സൃഷ്ടിപരമായ ചർച്ചയിലൂടെ പൂർത്തീകരിക്കുന്നതിനും അംഗീകരിക്കുന്നതിനും ഈ റിപ്പോർട്ട് കണക്കുകളും പൊതുയോഗത്തിന്റെ മുമ്പാകെ അവതരിപ്പിക്കുന്നു .

| | | |
|---|---|---|
| **A** | **OPENING BALANCE** | **7,50,494.90 /- (1.06.2022) - A** |
| **B** | **FUND COLLECTION** | **21,05,500 /- (2022-23) - B** |
| **C** | **ADVANCE REFUND & BANK INTEREST (RECEIPT)** | **2,46,998 /- C** |
| **D** | **TOTAL COLLECTION** | **A+B+C = 3102992.90 - D** |
| **E** | **PAYMENTS** | **17,81,219 /- E** |
| **F** | **CLOSING BALANCE** | **13,21,773.90 /- (31.05.2023) (D-E) - F** |

Dr. Ajims P Mohammed
Principal
MES College Marampally

**Haneefa K G**
**Secretary, PTA**